# ജുമുഅ ഖുതുബ

٥/١٢/١٤٤٤هـ

2023/6/23 م






ശൈഖ് ഡോ

## അബ്ദുൽ മുഹ്സിൻ അൽ ഖാസിം

മസ്ജിദുന്നബവിയിലെ ഇമാമും ഖതീബും


വിഷയം

# ദുൽഹിജ്ജയിലെ പത്ത് ദിവസത്തെ കർമ്മങ്ങൾ

# ദുൽഹിജ്ജയിലെ പത്ത് ദിവസത്തെ കർമങ്ങൾ [1]

إنَّ الحمدَ لله، نَحمدُه ونَستعينه ونَستغفِره، ونَعوذُ باللَّه من شرور أنفسنا ومن سيِّئات أعمالنا، مَن يَهْدِه اللهُ فلا مُضِلَّ له، ومَنْ يُضْلِل فلا هَادِيَ له، وأشهَد أن لا إله إلاَّ اللَّه وَحده لا شريكَ له، وأشهد أنَّ مُحَمَّداً عبدُه ورسولُه، صلَّى اللَّهُ عليه وعلى آله وأصحابه وسلَّم تسليماً كثيراً.

**أمَّا بعدُ:**

**അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. രഹസ്യ ജീവിതത്തിലും സ്വകാര്യ വർത്തമാനങ്ങളിലും അവന്റെ നിരീക്ഷണത്തെക്കുറിച്ചുള്ള ബോധത്തോടെ ജീവിക്കുക.**

**അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)**

**അല്ലാഹുവിൽ നിന്നുള്ള ഔദാര്യവും കൃപയുമായി സൽകർമ്മങ്ങളുടെ പുണ്യ ദിനങ്ങൾ അടിയാറുകൾക്ക് വീണ്ടുമിതാ ആഗതമായിരിക്കുന്നു ; ഒരു ആരാധന അവസാനിച്ചാലുടൻ, മറ്റൊരു ആരാധന അതിന് പിന്നാലെ ഇസ്ലാം നമുക്ക് നിർദേശിക്കുന്നു . മനുഷ്യർക്ക് തങ്ങളുടെ പാപക്കറകൾ കഴുകുവാനും, തങ്ങളുടെ പദവികൾ ഉയർത്തുവാനും വേണ്ടിയാകുന്നു അത്.**

[1]) 5-12-1444 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

ഏറ്റവും മഹത്വമേറിയതും മികച്ചതും പുണ്യവുമുള്ള പത്ത് അനുഗ്രഹീത ദിനങ്ങൾ നമുക്ക് ആഗതമായിരക്കുന്നു. അല്ലാഹു അവ സത്യം ചെയ്തു പറഞ്ഞു

﴿وَٱلۡفَجۡرِ ۞ وَلَيَالٍ عَشۡرٍ﴾

“പ്രഭാതം തന്നെയാണ സത്യം , പത്തു രാത്രികൾ തന്നെയാണ സത്യം”. (അൽ - ഫജ്ർ : 1-2)

മസ്റൂഖ് -رحمه الله- പറഞ്ഞു: “ദുൽ ഹിജ്ജയിലെ ആദ്യ പത്ത് ദിവസങ്ങളാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്, അവ വർഷത്തിലെ ഏറ്റവും മികച്ച ദിവസങ്ങളാകുന്നു . ഇത് പവിത്രമാക്കപ്പെട്ട (യുദ്ധം നിഷിദ്ധമാക്കപ്പെട്ട) ദിവസങ്ങളിൽ പെട്ടതാണ്. കൂടാതെ ഹജ്ജ് കാലം അറിയപ്പെട്ടതാണ് എന്ന് അല്ലാഹു പറഞ്ഞ മാസങ്ങളുടെ സമാപനവുമാണ് ഈ പത്ത് ദിവസങ്ങൾ.

കഅ്ബ് -رحمه الله- പറഞ്ഞു: "പവിത്രമായ മാസങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട മാസം ദുൽഹിജ്ജയും, ദുൽഹിജ്ജയിൽ ഏറ്റവും ഇഷ്ടമായത് ആദ്യത്തെ പത്ത് ദിവസങ്ങളുമാകുന്നു." അവയുടെ പകലുകൾ റമദാനിലെ അവസാന പത്തിലെ പകലുകളെക്കാൾ പുണ്യമുള്ളതാകുന്നു.നബി -ﷺ- പറഞ്ഞു : ഈ ലോകത്തിലെ ഏറ്റവും നല്ല ദിവസങ്ങൾ ദുൽഹിജ്ജയിലെ ആദ്യ പത്ത് ദിവസങ്ങളാണ്.(ഇബ്നു ഹിബ്ബാൻ)

ശൈഖുൽ ഇസ്ലാം -رحمه الله- പറഞ്ഞു: "ദുൽഹിജ്ജയിലെ ആദ്യ പത്ത് ദിവസങ്ങളിലെ പകലുകൾ റമദാനിലെ അവസാന പത്ത് ദിവസങ്ങളിലെ പകളുകളെക്കാൾ പുണ്യമുള്ളതാകുന്നു, റമദാനിലെ

അവസാനത്തെ പത്ത് രാത്രികൾ ദുൽഹിജ്ജയിലെ രാത്രികളേക്കാൾ മികച്ചതാണ്."

ഇസ്ലാമിലെ അടിസ്ഥാന കർമങ്ങളായ നിസ്കാരം , നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ എല്ലാ കർമങ്ങളും ഈ ദിവസങ്ങളിൽ ഉൾകൊള്ളുന്നു എന്നതാണ് ഈ ദിനങ്ങളുടെ പ്രതേകത. വർഷത്തിൽ മറ്റൊരിക്കലും ഇത് സംഭവിക്കുകയില്ല.

ശ്രേഷ്ഠമായ ദിനരാത്രികൾ നന്മകളിൽ ഉപയോഗിക്കുക എന്നത് നമ്മുടെ കടമയാണ്. ഈ പത്ത് ദിനങ്ങളിൽ നാം പുണ്യകർമങ്ങൾ വർദ്ധിപ്പിക്കുക. ഈ പത്ത് ദിവസങ്ങളിൽ നാം ചെയുന്ന ഒരു സൽകർമ്മം മറ്റു സമയങ്ങളിൽ അതേ സൽകർമ്മം ചെയ്യുന്നതിനെക്കാൾ അല്ലാഹുവിനരികിൽ പ്രിയപ്പെട്ടതാണ്.

നബി -ﷺ- പറഞ്ഞു : "സൽകർമ്മങ്ങൾ പ്രവർത്തിക്കാൻ ഈ ദിവസങ്ങളേക്കാൾ അല്ലാഹുവിനരികിൽ പുണ്യമുള്ള മറ്റു ദിവസങ്ങളില്ല, അവർ ചോദിച്ചു : ജിഹാദ് പോലുമില്ലേ? (അഥവാ , മറ്റു മാസങ്ങളിൽ ജിഹാദിന് പുറപ്പെടുന്നന്നത് ഈ ദിവസങ്ങളിലെ മറ്റ് കർമങ്ങലേക്കാൾ പുണ്യമുള്ളതല്ലേ?) അവിടുന്ന് പറഞ്ഞു: ജിഹാദ് പോലുമല്ല. തന്റെ ജീവനും പണവും പണയപ്പെടുത്തി യുദ്ധത്തിന് പോയി അതിൽ നിന്ന് തിരികെ വരാത്ത വ്യക്തി ഒഴികെ". (അഥവാ, അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിന് പോയി അതിൽ കൊല്ലപ്പെട്ടവരൊഴികെ).(ബുഖാരി)

ഇബ്നു റജബ് -رحمه الله- പറഞ്ഞു : "മറ്റു ദിവസങ്ങളിലെ സൽകർമങ്ങളെക്കാളും ഈ പത്ത് ദിവസങ്ങളിലെ സൽകർമങ്ങൾ അല്ലാഹുവിനരികിൽ വളരെ പ്രിയപ്പെട്ടതാണെന്ന് ഈ ഹദീസ് സൂചിപ്പിക്കുന്നു". മുൻഗാമികൾ ദുൽഹിജ്ജയുടെ ആദ്യ പത്ത് ദിവസങ്ങളിൽ ധാരാളമായി സൽകർമ്മങ്ങൾ ചെയ്യാൻ

പരിശ്രമിക്കുകയായിരുന്നു. സഈദ് ബിൻ ജുബൈർ -رحمه الله- ഈ ദിവസങ്ങൾ വന്നെത്തിയാൽ സൽകർമങ്ങൾ വർധിപ്പിക്കാൻ എല്ലാ ശ്രമങ്ങളും നടത്താറുണ്ടായിരുന്നു.

ദുൽഹിജ്ജയിലെ ഈ പത്ത് ദിവസങ്ങളിൽ വ്യത്യസ്തമായ ധാരാളം ആരാധനകൾ പഠിപ്പിച്ചു എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അതിൽ പെട്ടതാണ് : ദിക്റുകൾ വർദ്ധിപ്പിക്കുക എന്നത് . അല്ലാഹു പറഞ്ഞു

﴿وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِىٓ أَيَّامٍ مَّعْلُومَٰتٍ﴾

“ഈ നിശ്ചിത ദിവസങ്ങളിൽ അവർ അല്ലാഹുവിനെ സ്മരിക്കാൻ വേണ്ടിയുമാകുന്നു”. (അൽ ഹജ്ജ്: 28)

ഇബ്നു അബ്ബാസ് -رضي الله عنه- പറഞ്ഞു : ”അഥവാ - ദുൽ ഹിജ്ജ ആദ്യത്തെ പത്ത് ദിവസങ്ങൾ”. ആ ദിവസങ്ങളിൽ ദിക്റുകൾ വർധിപ്പിക്കുക എന്നത് ഏറ്റവും മികച്ച ആരാധനകളിൽ ഒന്നാണ്. പ്രവാചകൻ -ﷺ- പറഞ്ഞു: "അല്ലാഹുവിനരികിൽ ഈ പത്ത് ദിവസത്തേക്കാൾ നന്മകൾ പ്രവർത്തിക്കാൻ മഹത്തായതും പ്രിയപ്പെട്ടതുമായ ദിവസങ്ങളൊന്നുമില്ല ; അതിനാൽ, തകബീർ (അല്ലാഹു അക്ബർ) , തഹ്ലീൽ (ലാ ഇലാഹ ഇല്ലല്ലാഹ്) , തഹ്മീദ് (അൽ ഹംദുലില്ലാഹ്) പറയുന്നത് വർദ്ധിപ്പിക്കുക”. (അഹ്മദ്).

നവവി -رحمه الله- പറഞ്ഞു: "ഈ പത്ത് ദിവസങ്ങളിൽ വർഷത്തിലെ മറ്റു ദിനങ്ങളേക്കാൾ കൂടുതൽ ദിക്ർ പറയുന്നത് പുണ്യമാണ് , ഈ പത്ത് ദിനങ്ങളിൽ നിന്ന് അറഫാ ദിനത്തിൽ ഒന്നുകൂടി വർദ്ധിപ്പിക്കൽ കൂടുതൽ പുണ്യമുള്ളതാണ്”.

ദിക്റുകളിൽ ഏറ്റവും നല്ല ദിക്ർ : ഖുർആൻ പാരായണമാകുന്നു , കാരണം അത് മാർഗദർശനവും വ്യക്തമായ വെളിച്ചവുമാകുന്നു.

ദുൽഹിജ്ജയുടെ ആദ്യ പത്ത് ദിവസങ്ങളിലെ എല്ലാ സമയങ്ങളിലും തക്ബീർ പറയൽ പുണ്യകരമാണ് . ഇബ്നു ഉമറും അബു ഹുറൈറയും - رضي الله عنهما- ഈ ദിനങ്ങളിൽ തക്ബീർ ചൊല്ലി ചന്തയിൽ പോകാറുണ്ടായിരുന്നു. അവരുടെ തക്ബീറുകൾ കേട്ട് ജനങ്ങളും തക്ബീർ മുഴക്കാറുണ്ടായിരുന്നു. (ബുഖാരി തഅലീഖായി ഉദ്ധരിച്ചു).

അപ്രകാരം അറഫാ ദിനത്തിലെ ഫജർ നിസ്കാരം മുതൽ ദുൽഹിജ്ജ പതിമൂന്ന് അസർ നിസ്കാരം വരെ നിസ്കാര ശേഷമുള്ള തകബീറുകളും പുണ്യമുള്ളതാകുന്നു.

ദാനധർമ്മം ഒരു സൽകർമ്മമാണ്, അതിലൂടെ വിഷമങ്ങൾ ശമിക്കുകയും ദുഃഖങ്ങൾ അകലുകയും ചെയ്യുന്നു, അത് ആവശ്യമുള്ള സമയത്തും പുണ്യസമയത്തും നൽകുക എന്നത് ഏറ്റവും പുണ്യമുള്ള കാര്യമാണ്. പ്രവാചകൻ -ﷺ- പറഞ്ഞു : “വിധവയെയും ദരിദ്രരെയും പരിപാലിക്കുന്നവൻ; അല്ലാഹിവിന്റെ മാർഗത്തിലെ പോരാളിയെ പോലെയാകുന്നു” . അവിടുന്ന് ഇപ്രകാരവും പറഞ്ഞതായി ഞാൻ കരുതുന്നു : “രാത്രി മുഴുവൻ തളരാതെ നിസ്കരിക്കുകയും പതിവായി പകൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവനെ പോലെയാണ്” (മുത്തഫഖുൻ അലൈഹി)

ഈ ദിനങ്ങളിൽ പുണ്യമായ മറ്റൊരു സൽകർമമാണ് : ആദ്യത്തെ ഒൻപത് ദിവസങ്ങൾ നോമ്പനുഷ്ഠിക്കുക എന്നുള്ളത്.

നവവി -رحمه الله- പറഞ്ഞു : “വളരെയധികം പുണ്യമുള്ള ആരാധനായാണത്”. അറഫാ ദിനത്തിലെ നോമ്പ് കഴിഞ്ഞ ഒരു

വർഷത്തെയും വരാനിരിക്കുന്ന ഒരു വർഷത്തെയും പാപങ്ങൾക്കുള്ള പ്രായശ്ചിത്തം ആകുന്നു. എന്നാൽ ഹജ്ജ് ചെയ്യുന്നവർക്ക് നോമ്പെടുക്കാതിരിക്കുന്നതാണ് ഉത്തമം . അതാണ് നബി -ﷺ- യുടെ ചര്യ , പ്രാർത്ഥനകളും മറ്റും വർദ്ധിപ്പിക്കുന്നതിന് അത് സഹായിക്കും.

അറഫ ദിനം മുസ്‌ലിംകളുടെ സമ്മേളനമാണ്, പ്രത്യാശയുടെയും ആദരവിന്റെയും വഴിപ്പെടലിന്റെയും സമർപ്പണത്തിന്റെയും ദിനം , മുസ്‌ലിംകളുടെ മേൽ ഉദാരമായ ദിനമാണ്, കാരണം "അറഫ ദിനത്തേക്കാൾ അധികം അല്ലാഹു അടിമകളെ നരകത്തിൽ നിന്ന് മോചിപ്പിക്കുന്ന മറ്റൊരു ദിവസമില്ല". (മുസ്ലിം)

ശൈഖുൽ ഇസ്ലാം -رحمه الله- പറഞ്ഞു : "അറഫയുടെ വൈകുന്നേരം വർണ്ണിക്കാൻ സാധിക്കാത്ത രൂപത്തിൽ ഹാജ്ജിമാരുടെ ഹൃദയങ്ങളിൽ വിശ്വാസത്തിന്റെയും കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും പ്രകാശം പരക്കുന്നു.

പ്രാർത്ഥന മഹത്തായ കർമമാണ്. അടിമ തന്റെ ആവശ്യങ്ങൾ ഉടമയായ അല്ലാഹുവിനോട് തേടുകയും അവന്റെ വിശാലമായ ഔദാര്യം ചോദിക്കുകയും ചെയ്യുന്നു , അല്ലാഹു കല്പിച്ചത് പ്രകാരം

﴿فَٱدۡعُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ﴾

"അതിനാൽ അല്ലാഹുവിന് മാത്രം കീഴ്‌പ്പെട്ട് നിഷ്കളങ്കമായി അവനോട് മാത്രം നിങ്ങൾ ദുആ ചെയ്യുക". (ഗാഫിർ : 14)

അതിനാൽ നിന്റെ ആവശ്യം അവനിലേക്ക് ഉയർത്തുക, അറഫാ ദിനത്തിലും മറ്റും നിങ്ങളുടെ വിഷമം അവനോട് പറയുക.

ഉത്തരം ലഭിക്കുമെന്ന് ഉറപ്പുണ്ടായിരിക്കുക, പ്രാർഥനയിൽ ഉദാരനായ റബ്ബിനോട് നമ്മുടെ ആവശ്യങ്ങൾ ഊന്നൽ നൽകി പറയുക , കാരണം അവനാണ് എല്ലാം അറിയുന്ന നമ്മുടെ സ്രഷ്ടാവ്.

﴿إِنَّمَآ أَمۡرُهُۥٓ إِذَآ أَرَادَ شَيۡـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ﴾

“താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അല്ലാഹുവിന്റെ കാര്യം , അപ്പോഴതാ അതുണ്ടാകുന്നു”. (യാസീൻ : 82)

ഇബ്നു അബ്ദിൽ ബർ -رحمه الله- പറഞ്ഞു : "അറഫാ ദിനത്തിൽ മിക്കവാറും എല്ലാ പ്രാർത്ഥനകൾക്കും ഉത്തരം ലഭിക്കുന്നതാണ്"

ദുൽഹിജ്ജ പത്തിനാണ് ബലിപെരുന്നാൾ ദിനം. അല്ലാഹുവിനരികിൽ ഏറ്റവും മഹത്വമുള്ള ദിവസം. പ്രവാചകൻ -ﷺ- പറഞ്ഞു: "അല്ലാഹുവിനരികിൽ ഏറ്റവും മഹത്വമുള്ള ദിനങ്ങൾ : ബലിപെരുന്നാൾ ദിനമാകുന്നു”. (അബു ദാവൂദ്), അത് അല്ലാഹുവിനരികിൽ ഏറ്റവും പവിത്രമായ ദിവസങ്ങളാണ് . പ്രവാചകൻ -ﷺ- വിടവാങ്ങൽ ഹജ്ജിലെ തന്റെ പെരുന്നാൾ ദിനത്തിലെ പ്രഭാഷണത്തിൽ പറഞ്ഞു: “ദിവസങ്ങളിൽ ഏറ്റവും പവിത്രമായത് നിങ്ങളുടെ ഈ ദിവസമാണ്, മാസങ്ങളിൽ ഏറ്റവും പവിത്രമായത് നിങ്ങളുടെ ഈ മാസവുമാണ്”. (അഹ്മദ്), ഇത് മുസ്ലിമീങ്ങളുടെ രണ്ട് ആഘോഷങ്ങളിൽ ഒന്നാണ്, ഇസ്‌ലാമിന്റെ ഒരു അടിസ്ഥാന കർമം നിർവഹിച്ച് വിശ്വാസി സമൂഹത്തിനിടയിൽ ആനന്ദവും സന്തോഷവും അലതല്ലുന്ന ദിവസം.

അന്നേ ദിവസമാണ് ഹജ്ജിന്റെ ദിവസങ്ങളിൽ ഏറ്റവും മഹത്വമുള്ള ദിവസം , ഏറ്റവുമധികം അമലുകൾ പ്രകടമാകുന്ന ദിനം,

അതാണ് അൽ ഹജ്ജുൽ അക്ബർ എന്ന് പേരുള്ള ദിനം. അല്ലാഹു അതിനെ കുറിച്ച് പറഞ്ഞു :

﴿وَأَذَٰنٌ مِّنَ ٱللَّهِ وَرَسُولِهِۦٓ إِلَى ٱلنَّاسِ يَوۡمَ ٱلۡحَجِّ ٱلۡأَكۡبَرِ﴾

"മഹത്തായ ഹജ്ജിൻറെ ദിവസത്തിൽ മനുഷ്യരോട് (പൊതുവായി) അല്ലാഹുവിൻറെയും റസൂലിൻറെയും ഭാഗത്തുനിന്ന് ഇതാ അറിയിക്കുകയും ചെയ്യുന്നു.." (തൗബ : 3)

ബലിപെരുന്നാളിന്റെ ദിവസം അല്ലാഹു ഈ ദീൻ പൂർത്തീകരിക്കുകയും അത് തൃപ്തിപ്പെടുകയും ചെയ്തുവെന്ന വിവരം പ്രവാചകനെയും സത്യവിശ്വാസികളെയും അറിയിച്ചു. മാറ്റത്തിരുത്തലും കൂട്ടിച്ചേർക്കലും ആവശ്യമില്ലാത്ത രൂപത്തിൽ അല്ലാഹു അതിനെ നമുക്ക് നൽകി.

﴿ٱلۡيَوۡمَ أَكۡمَلۡتُ لَكُمۡ دِينَكُمۡ وَأَتۡمَمۡتُ عَلَيۡكُمۡ نِعۡمَتِي
وَرَضِيتُ لَكُمُ ٱلۡإِسۡلَٰمَ دِينٗا﴾

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എൻറെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു". (അൽ മാഇദ : 3)

ഇബ്നു കഥീർ -رحمه الله- പറഞ്ഞു : "ഇത് ഈ ജനതയ്ക്ക് സർവ്വശക്തനായ അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹമാണ്. അവൻ അവരുടെ മതം അവർക്കായി പരിപൂർണ്ണമാക്കി. അവർക്ക് മറ്റൊരു മതമോ അവരുടേതല്ലാത്ത ഒരു പ്രവാചകനെയോ ആവശ്യമില്ല.

ഓരോ പ്രവാചകനോടും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവരെ ഏല്പിച്ച ഉത്തരവാദിത്തം നിറവേറ്റിയതിനെ കുറിച്ച് ചോദിക്കും. പ്രവാചകൻ -ﷺ- പറഞ്ഞു: "എന്നെക്കുറിച്ച് നിങ്ങളോട് ചോദിക്കപ്പെടും." (മുസ്ലിം) ബലിപെരുന്നാൾ ദിനം പ്രവാചകൻ -ﷺ- സ്വഹാബികളോട് ചോദിച്ചു: "ഞാൻ സന്ദേശം പൂർത്തിയായി നിങ്ങളിലേക്ക് എത്തിച്ചുവോ??" അവർ പറഞ്ഞു: അതെ, അവിടുന്ന് -ﷺ- പറഞ്ഞു : അല്ലാഹുവേ, ഇവർ ഈ പറയുന്നതിന് നീ സാക്ഷിയാകുന്നു . (മുത്തഫഖുൻ അലൈഹി)

ആ മഹത്തായ ദിനത്തിൽ, പ്രവാചകൻ അവിടെ കൂടിയ തന്റെ ജനതയോട് ഇസ്ലാം എന്ന മതം എല്ലാ ജനങ്ങളിലേക്കും എത്തിക്കാൻ നിർദ്ദേശിച്ചു, അവിടുന്ന് പറഞ്ഞു: “ഇവിടെ പങ്കെടുത്തവർ പങ്കെടുക്കാത്തവരിലേക്ക് ഈ കാര്യങ്ങൾ അറിയിക്കട്ടെ; ഒരുപക്ഷേ ഒരു ഇതിനെ കുറിച്ച് പിന്നീട് കേൾക്കുന്നവർ നേരിട്ട് പങ്കെടുത്ത ശ്രോതാവിനേക്കാൾ ഗ്രഹിക്കുന്നവനായിരിക്കാം”. (മുത്തഫഖുൻ അലൈഹി) .

മുദ്ഹിരി പറഞ്ഞു : "ഇത് പ്രവാചകന്റെ ഹദീസുകളും മറ്റു മതപരമായ വിജ്ഞാനങ്ങളും ആളുകളെ പഠിപ്പിക്കാനുള്ള ഒരു പ്രേരണയാണ് ,എന്തെന്നാൽ, പഠിപ്പിക്കലും പഠിപ്പിക്കലും ഇല്ലായിരുന്നുവെങ്കിൽ, ആളുകൾക്കിടയിൽ അറിവ് ഇല്ലാതാകുമായിരുന്നു.

പെരുന്നാൾ ദിനത്തിൽ ആഘോഷത്തിനിടയിൽ ചിലപ്പോൾ അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയെ തൊട്ട് ചിലർ അശ്രദ്ധരാകും . അല്ലാഹു പറയുന്നു :

﴿وَٱذۡكُرُواْ ٱللَّهَ فِيٓ أَيَّامٖ مَّعۡدُودَٰتٖ﴾

“എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക” (അൽ ബഖറ : 203)

ഇബ്നു അബ്ബാസ് -رضي الله عنهما- പറഞ്ഞു: “എണ്ണപ്പെട്ട ദിവസങ്ങൾ എന്നാൽ : അയ്യാമുത്തഷ്‌രീഖിന്റെ ദിവസങ്ങളാകുന്നു , അഥവാ-അത് ബലി പെരുന്നാൾ കഴിഞ്ഞുള്ള മൂന്ന് ദിവസങ്ങളാകുന്നു”. പ്രവാചകൻ -ﷺ-പറഞ്ഞു: **“അയ്യാമുത്തഷ്‌രീഖിന്റെ ദിവസങ്ങൾ : തിന്നുകയും കുടിക്കുകയും അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യേണ്ട ദിവസങ്ങളാകുന്നു”**. ഇബ്നു ഹജർ -رحمه الله- പറഞ്ഞു : “ദുൽഹിജ്ജ ആദ്യത്തെ പത്ത് ദിവസങ്ങൾക്ക് പുണ്യം സ്ഥിരപ്പെട്ടിടുണ്ട് , അത് മുഖേന അയ്യാമു തഷ്‌രീഖിന്റെ ദിവസങ്ങൾക്കും മഹത്വം സ്ഥിരപ്പെടുന്നു”.

പെരുന്നാളിന്റെയും അയ്യാമുത്തഷ്‌രീഖിന്റെയും ദിവസങ്ങളിൽ സാമ്പത്തികവും ശാരീരികവുമായ ഒരു ഇബാദത്ത് നമുക്ക് നിയമമാക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു വളരെയധികം ഇഷ്ടപ്പെടുന്ന ഒരു ഇബാദത്ത് , നിസ്കാരത്തിന്റെ കൂടെയാണ് അല്ലാഹു അതിനെ കുറിച്ച് പറഞ്ഞത്. അല്ലാഹു പറഞ്ഞു :

﴿فَصَلِّ لِرَبِّكَ وَٱنْحَرْ﴾

“നിന്റെ റബ്ബിന് വേണ്ടി നിസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക”. (അൽ കൗസർ : 2)

അറുക്കുന്നതിൽ ആത്മാർത്ഥത വേണം , അഹങ്കാരമോ, കാപട്യമോ ഉണ്ടാകാതിരിക്കണം , പ്രശസ്തി ആഗ്രഹിക്കാതിരിക്കണം , കേവലം ഒരു ശീലം പൂർത്തീകരിക്കാനുള്ള പ്രവർത്തനം ആവരുത് , മറിച്ച് അല്ലാഹുവിന് വേണ്ടി വഴിപ്പെട്ട് കൊണ്ട് അത് നിർവഹിക്കണമെന്ന് അല്ലാഹു നമ്മോട് കല്പിച്ചു . അല്ലാഹു പറഞ്ഞു :

﴿لَن يَنَالَ ٱللَّهَ لُحُومُهَا وَلَا دِمَآؤُهَا وَلَـٰكِن يَنَالُهُ ٱلتَّقْوَىٰ مِنكُمْ﴾

“അവയുടെ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതേയല്ല , മറിച്ച് നിങ്ങളുടെ തഖ്‌വയാണ് അവങ്കൽ എത്തുന്നത്”. (ഹജ്ജ് : 37)

നബി -ﷺ- തന്റെ കൈകൾ കൊണ്ട് അംലഹായ അഖ്റനായ രണ്ട് ആടുകളെ അറുത്തു. (മുത്തഫഖുൻ അലൈഹി)

അംലഹ് അഥവാ: വെളുത്ത രോമങ്ങളുള്ള കറുത്ത ആട്.
അഖ്റൻ അഥവാ : കൊമ്പുള്ള ആട്.

ഏറ്റവും മികച്ച ബലിമൃഗം : ഏറ്റവും വിലയേറിയതും വിലപ്പെട്ടതുമായ ബലിമൃഗങ്ങളാകുന്നു . ഒരു വ്യക്തിക്കും തന്റെ വീട്ടുകാർക്കും വേണ്ടി ഒരു ആട് അറുത്താൽ മതിയാവുന്നതാണ്. ഒരു വ്യക്തിക്ക് ബലിയർപ്പിക്കാൻ കടം വാങ്ങുന്നതിൽ തെറ്റില്ല. അല്ലാഹുവിങ്കൽ ബലി നല്കുന്നതിന്റെ പ്രതിഫലം വളരെ വലുതാണ്. അതിന്റെ ഉയർന്ന വിലയിൽ പ്രായസപ്പെടരുത്.മറിച്ച് , അതിലൂടെ നിങ്ങൾ സന്തോഷം തേടുക , അതിൽ നിന്ന് ഭക്ഷിക്കുകയും ഭക്ഷിപ്പിക്കുകയും ചെയ്യുക . പാവങ്ങൾക്ക് സ്വദഖ നൽകുകയും കുടുംബക്കാർക്കും അയൽവാസികൾക്കും ഹദിയ നൽകുകയും ചെയ്യുക.

ആരെങ്കിലും ബലിയർപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ , ആദ്യത്തെ പത്ത് ദിവസങ്ങളിൽ അവന്റെ മുടിയിൽ നിന്നോ നഖത്തിൽ നിന്നോ ഒന്നും നീക്കം ചെയ്യുന്നത് നിഷിദ്ധമാണ്. പ്രവാചകൻ -ﷺ- പറഞ്ഞു: "ആരെങ്കിലും ഉള്ഹിയ്യത്ത് അറുക്കുന്നുണ്ടെകിൽ ദുൽഹിജ്ജ മാസപ്പിറവി വന്നാൽ അവന്റെ മുടിയിൽ നിന്നോ നഖത്തിൽ നിന്നോ അവൻ ബലിയർപ്പിക്കുന്നതുവരെ ഒന്നും മുറിക്കരുത്." (മുസ്ലിം)

ഇത് പോലെയുള്ള അല്ലാഹുവിന്റെ കരുണ്യത്തിന്റെയും നന്മകളുടെയും കാലത്ത് പാപം ചെയ്യുക എന്നത് കൂടുതൽ ഗൗരവമുള്ളതാണ്. അല്ലാഹു പറഞ്ഞു :

﴿إِنَّ عِدَّةَ ٱلشُّهُورِ عِندَ ٱللَّهِ ٱثۡنَا عَشَرَ شَهۡرٗا فِي كِتَٰبِ ٱللَّهِ يَوۡمَ خَلَقَ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ مِنۡهَآ أَرۡبَعَةٌ حُرُمٞۚ ذَٰلِكَ ٱلدِّينُ ٱلۡقَيِّمُۚ فَلَا تَظۡلِمُواْ فِيهِنَّ أَنفُسَكُمۡ﴾

"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിൻറെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ട മാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം. അതിനാൽ ആ (നാല്) മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്...". (തൗബ: 36)

ഖത്താദ -رحمه الله- പറഞ്ഞു: "അനീതിയും പാപവും എല്ലാ സഹചര്യങ്ങളിലും പാപകരമാണെങ്കിലും , വിശുദ്ധ മാസങ്ങളിലെ അനീതി മറ്റ് മാസങ്ങളിലെ അനീതിയെക്കാൾ വലിയ പാപവും കൂടുതൽ ഭാരവുമാണ്. അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് ഉയർത്തുന്നു".

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

പുണ്യമായ മാസങ്ങളും ദിവസങ്ങളും മണിക്കൂറുകളും ഉപയോഗപ്പെടുത്തുകയും അവയിൽ ഉൾക്കൊള്ളുന്ന നന്മ നിറഞ്ഞ പ്രവർത്തനങ്ങളിലൂടെ തന്റെ റബ്ബിനോട് സാമീപ്യം ഉണ്ടാക്കുകയും ചെയ്യുന്നവനാണ് സന്തുഷ്ടൻ.

**أعوذ بالله من الشيطان الرجيم**

**(ശപിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിനോട് കാവൽ ചോദിക്കുന്നു)**

﴿سَابِقُوٓاْ إِلَىٰ مَغۡفِرَةٖ مِّن رَّبِّكُمۡ وَجَنَّةٍ عَرۡضُهَا كَعَرۡضِ ٱلسَّمَآءِ وَٱلۡأَرۡضِ أُعِدَّتۡ لِلَّذِينَ ءَامَنُواْ بِٱللَّهِ وَرُسُلِهِۦۚ ذَٰلِكَ فَضۡلُ ٱللَّهِ يُؤۡتِيهِ مَن يَشَآءُۚ وَٱللَّهُ ذُو ٱلۡفَضۡلِ ٱلۡعَظِيمِ﴾

**"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുൻ കടന്നു വരുവിൻ. അതിൻറെ വിസ്താരം ആകാശത്തിൻറെയും ഭൂമിയുടെയും വിസ്താരം പോലെയാണ്. അല്ലാഹുവിലും അവൻറെ ദൂതൻമാരിലും വിശ്വസിച്ചവർക്കു വേണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിൻറെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു". (അൽ ഹദീദ് : 21)**

**അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ...**

## രണ്ടാം ഖുതുബ

الحمد لله على إحسانه، والشُّكر له على توفيقه وامتنانه، وأشهد أن لا إله إلَّا اللهُ وحده لا شريك له تعظيماً لشأنه، وأشهد أنَّ نبيَّنا مُحمَّداً عبدُه ورسولُه، صلَّى الله عليه وعلى آله وأصحابه وسلَّم تسليماً مزيداً.

**അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)**

**തെറ്റുകളിൽ നിന്ന് പശ്ചാത്താപ്പിക്കുക എന്നത് ഉയർന്ന സ്ഥാനമുള്ള ആരാധനയാണ്. അത് ഐശ്വര്യത്തിനും സന്തോഷത്തിനും കാരണമാകുന്നു. എല്ലാ പാപങ്ങളിൽ നിന്നും ശുദ്ധിയാവാൻ അല്ലാഹുവിലേക്ക് തൗബ ചെയ്തു മടങ്ങുക എന്നത് അല്ലാഹു എല്ലാവർക്കും നിർബന്ധമാക്കിയിരിക്കുന്നു. തനിക്ക് കൂട്ടുകാരിയും മകനുമുണ്ട് എന്ന അപവാദം പറഞ്ഞവരെ കുറിച്ച് അവൻ പറഞ്ഞു :**

﴿أَفَلَا يَتُوبُونَ إِلَى ٱللَّهِ وَيَسْتَغْفِرُونَهُۥ﴾

**“അവർ അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ..?” (മാഇദ : 74)**

**അല്ലാഹു സത്യവിശ്വാസികളോട് പറഞ്ഞു :**

﴿تُوبُوٓاْ إِلَى ٱللَّهِ جَمِيعًا أَيُّهَ ٱلْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ﴾

**“സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം”. (അന്നൂർ : 31 )**

പ്രവാചകൻ -ﷺ- ഒരു ദിവസത്തിൽ നൂറ് തവണ അല്ലാഹുവിലേക്ക് പശ്ചാതപിച്ച് മടങ്ങാറുണ്ടായിരുന്നു. പ്രവാചകൻ -ﷺ- പറഞ്ഞു : "ജനങ്ങളേ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക , ഞാൻ ഒരു ദിവസം നൂറ് തവണ അവനോട് പശ്ചാത്തപിക്കുന്നു". അഥവാ-അല്ലാഹുവെ നീ എനിക്ക് പൊറുത്ത് തരണം എന്ന് പറയും . (മുത്തഫഖുൻ അലൈഹി).

നാം പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് മടങ്ങാൻ കൂടുതൽ ആവശ്യക്കാരാണ്. ഒരടിമയുടെ ജീവിതത്തിൽ ഏറ്റവും സന്തുഷ്ടമായ ദിനം അവൻ പശ്ചാത്തപിക്കുന്ന ദിവസമാണ്. കഅബ് ബിൻ മാലിക്കിനോട് പ്രവാചകൻ -ﷺ- പറഞ്ഞു: "നിങ്ങളുടെ മാതാവ് നിങ്ങളെ പ്രസവിച്ചതിന് ശേഷം കടന്നുപോയ ഏറ്റവും നല്ല ദിവസമിതാണ് എന്നതിൽ താങ്കൾ സന്തോഷിച്ച് കൊള്ളുക". (മുത്തഫഖുൻ അലൈഹി)

അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട ദിവസങ്ങളിൽ പശ്ചാത്താപിച്ച് മടങ്ങുക എന്നത് എത്ര മനോഹരമാണ്! ആരെങ്കിലും തന്റെ പശ്ചാത്താപത്തിൽ സത്യസന്തത പുലർത്തിയോ അവന്റെ പദവികൾ ഉയരും , അവന്റെ മോശം പ്രവൃത്തികളെ അല്ലാഹു നല്ല പ്രവൃത്തികളാക്കി മാറ്റുകയും ചെയ്യുന്നതാണ്.

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.



# خطبة الجمعة

٥/١٢/١٤٤٤هـ

2023/6/23 م




فضيلة الشيخ

د. عبد المحسن بن محمد القاسم

إمام وخطيب المسجد النبوي الشريف


بعنوان

# أعمال عشر ذي الحجة

مترجمة باللغة المليبارية

a-alqasim.com